# കലാവിദ്യാഭ്യാസം പാദവാർഷിക മൂല്യ നിർണ്ണയം 2019

## ഉത്തരസൂചിക ഏഴാം തരം

സമയം 40 മിനിറ്റ് | ആകെ മാർക്ക് 15

### 1 മുതൽ 6 വരെയുള്ള ചോദ്യങ്ങളിൽ 4 എണ്ണത്തിനുമാത്രം ഉത്തരം മതി 1X4=4

| | | | | | |
|---|---|---|---|---|---|
| 1 | വലതു ഭാഗത്ത് | 2 | എടക്ക | 3 | ഓട്ടൻ തുള്ളൽ |
| 4 | കഥകളി | 5 | ശീതങ്കൻ തുള്ളൽ | 6 | നടനം |

### 7 മുതൽ 10 വരെയുള്ള ചോദ്യങ്ങളിൽ 2 എണ്ണത്തിനുമാത്രം ഉത്തരം മതി 2X3=6

7 രാജാരവിവർമ്മ എന്ന്, എവിടെ ജനിച്ചു? ● ഏത് മാധ്യമത്തിലൂടെയുള്ള രചനയിലാണ് അദ്ദേഹം അസാമാന്യമായ മികവ് പ്രകടിപ്പിച്ചത്? ● ചിത്രങ്ങളുടെ പ്രിന്റ് ജനകീയമാക്കാനായി അദ്ദേഹം എന്താണ് ചെയ്തത്? ● രവിവർമ്മയുടെ പ്രശസ്ത ചിത്രങ്ങൾ ഏതെല്ലാം?

8 താളവൈവിധ്യം ഈണവൈവിധ്യം എന്നിവ ഉണ്ടായിരിക്കണം. ഒരു ഗാനത്തിൽ നിന്ന് മറ്റൊരു ഗാനത്തിലേക്കു കടക്കുമ്പോൾ താളഭംഗം വരാതെ ശ്രദ്ധിക്കണം. ശ്രുതി ഏകീകരണം വേണം.

9 പദ്യത്തിലുള്ള കഥാകഥനത്തിന്റേയും നൃത്തത്തിന്റേയും സമന്വയമാണ് തുള്ളൽ. കുഞ്ചൻ നമ്പ്യാരാണ് ഇതിന്റെ ഉപജ്ഞാതാവ്. ശീതങ്കൻ, പറയൻ, ഓട്ടൻ എന്നിങ്ങനെ 3 തരം തുള്ളലുണ്ട്. സാമൂഹ്യവിമർശനം ഇതിന്റെ ഭാഗമാണ്. പുരാണകഥാസന്ദർഭങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ് അവതരണം. ഒരു ജനകീയ കലാരൂപമാണ് തുള്ളൽ

10 ശരീരചലനങ്ങളിൽ അവശത തോന്നിക്കണം (ഒരു കുനിവ് ആവാം) ചടുലതക്കുറവ് ഉണ്ടാവണം (മന്ദഗതിയിലുള്ള ചലനങ്ങൾ). ശബ്ദത്തിലെ വ്യത്യാസം പ്രകടമാവണം

### 11, 12 ചോദ്യങ്ങളിൽ ഒന്നിനു മാത്രം ഉത്തരം മതി 1X3=3

11



12 ചെണ്ട കേരളത്തിന്റെ തനതായ ഒരു തുകൽവാദ്യോപകരണമാണ് അസുരവാദ്യമെന്നറിയപ്പെടുന്ന ചെണ്ട. ചെത്തിമിനുക്കിയ ഒരു തടിക്കുഴലാണ് ചെണ്ടക്കുറ്റി. കോൽ ഉപയോഗിച്ചാണിതു കൊട്ടുന്നത്. രണ്ടുഭാഗവും വ്യത്യസ്ത ശബ്ദമാണ്. ക്ഷേത്രവാദ്യോപകരണങ്ങളിൽ പ്രമുഖ സ്ഥാനമാണ് ചെണ്ടക്കുള്ളത്.

മദ്ദളം മേള പ്രയോഗങ്ങളിൽ സവിശേഷ സ്ഥാനമാണ് മദ്ദളത്തിനുള്ളത്. മൃദംഗത്തിന്റെ വലിയ രൂപമാണിത്. പഞ്ചവാദ്യം, മദ്ദളകേളി, കൃഷ്ണനാട്ടം, കഥകളി തുടങ്ങിയവക്ക് ഇത് അനിവാര്യമാണ്. രണ്ടു കൈയും ഉപയോഗിച്ചാണിത് കൊട്ടുന്നത്. മദ്ദളത്തിന് ഇടന്തലയും വലന്തലയുമുണ്ട്.

തിമില പഞ്ചവാദ്യത്തിലെ പ്രധാനമായ ഒരു സംഗീതോപകരണമാണിത്. മധ്യഭാഗത്ത് വണ്ണം കുറഞ്ഞ് നീളത്തിലാണ് തിമിലയുടെ കുറ്റി. പ്ലാവിന്റെ തടി കടഞ്ഞാണ് കുറ്റിയുണ്ടാക്കുന്നത്. ഒരു ഭാഗത്ത് രണ്ടു കൈകളും ഉപയോഗിച്ച് കൊട്ടിയാണ് ഇതിൽ ശബ്ദമുണ്ടാക്കുന്നത്.

### 13, 14 ചോദ്യങ്ങളിൽ ഒന്നിനു മാത്രം ഉത്തരം മതി 1X2=2

13 ഗോത്രവർഗ്ഗനൃത്തങ്ങൾ സംഘം ചേർന്നാണ് ചെയ്യാറുള്ളത്. കാണികളായി മാറി നിൽക്കാതെ പരമാവധി പേരും പങ്കാളികളാവും. പ്രകൃതിദത്ത വസ്തുക്കൾ മാത്രമാണ് വേഷം, ചമയം എന്നിവക്ക് ഉപയോഗിക്കുന്നത്. പരമ്പരാഗതമായ രീതിയാണ് അനുവർത്തിച്ചുവരുന്നത്. ചുവടുകൾക്ക് കൃത്യമായ ചിട്ടകളില്ല.

14 മോണോ ആക്ടിൽ അഭിനയത്തിന് ഊന്നൽ നൽകുമ്പോൾ കഥാപ്രസംഗത്തിന് അഭിനയത്തോടൊപ്പം കഥാവതരണത്തിനും ഏറെ പ്രാധാന്യമുണ്ട്. കഥയും പാട്ടും ചേർന്നതാണ് കഥാപ്രസംഗം. സംഗീത അകമ്പടിക്കാരുമാവാം. മോണോ ആക്ട് ഒറ്റക്ക് ചെയ്യുന്നതും ശരീരചലനങ്ങൾക്കു പ്രാധാന്യമുള്ളതുമായ ഒന്നാണ്.

സുരേഷ് കാട്ടിലങ്ങാടി
9446245342